| പതിനാലാം കേരള നിയമസഭ<br>പതിനൊന്നാം സമ്മേളനം | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *178 | 11/06/2018- ൽ മറുപടിയ്ക്ക് |
| **പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർ** | |
| **ചോദ്യം**<br>**ശ്രീ. വി.ഡി. സതീശൻ** | **ഉത്തരം**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) എല്ലാ പോലീസ് സ്റ്റേഷനുകളിലും അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചൈൽഡ് വെൽഫെയർ ഓഫീസറായി നിയമിക്കണമെന്ന് ജുവനൈൽ ജസ്റ്റിസ് ആക്ടിൽ നിബന്ധനയുണ്ടോ ; | (എ) 2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ടിലെ സെക്ഷൻ 107 പ്രകാരം എല്ലാ പോലീസ് സ്റ്റേഷനുകളിലും അസിസ്റ്റന്റ് സബ്ബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ചൈൽഡ് വെൽഫെയർ ഓഫീസറായി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി)കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, പ്രസ്തുത നിബന്ധന പ്രകാരം സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. (മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ ഒഴികെ - ടി പോലീസ് സ്റ്റേഷൻ ഡാമിന്റെ സംരക്ഷണത്തിനായി രൂപീകരിച്ചിട്ടുള്ളതാണ്). |
| (സി)ഈ സർക്കാർ നിലവിൽ വന്നശേഷം ഓരോ വർഷവും രജിസ്റ്റർ ചെയ്ത പോക്സോ കേസുകൾ എത്രയാണ്; ഏറ്റവും കൂടുതൽ പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തത് ഏത് ജില്ലയിൽ നിന്നാണ്; | (സി) ഈ സർക്കാർ നിലവിൽ വന്നശേഷം 25/05/2016 മുതൽ 31/12/2016 വരെ 1316 പോക്സോ കേസുകളും 2017-ൽ 2680 ഉം 2018 മേയ് 31 വരെ 1190 പോക്സോ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് തിരുവനന്തപുരം റൂറൽ ജില്ലയിൽ നിന്നാണ്. |

| | |
|---|---|
| (ഡി) പോക്സോ കേസിൽ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യത്തിൽ പോലീസ് സ്റ്റേഷനുകളിൽ ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി)ജുവനൈൽ ജസ്റ്റിസ് ആക്ടിലെ നിബന്ധന പ്രകാരം ഇടുക്കി ജില്ലയിൽ ഡാം സുരക്ഷയ്ക്കായുള്ള മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനൊഴിച്ച് സംസ്ഥാനത്തെ മറ്റെല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ